ഉത്തരം

(എ) 12. വിവരം അനുബന്ധം എ-യിൽ ചേർത്തിട്ടുണ്ട്*.

(ബി) ഉണ്ട്. വിശദവിവരം അനുബന്ധം ബി-യിൽ ചേർത്തിട്ടുണ്ട്.

Anglo-Indians in Public Services

124 [173] **Shri Stephen Padua**: Will the Chief Minister be pleased to state:

(a) The number of Anglo-Indians in the Public Services of the State;

(b) Their names?

Answer

(a) As per the details available with Government as on 17th July 1978, the number of Anglo-Indians in the Public Services of the State is 234. Complete details are being collected (class-war details also).

(b) The details regarding their names are also being collected.

കൊടുങ്ങല്ലൂർ വെടിവയ്പിന്റെ കാരണങ്ങൾ

125 [174] ശ്രീ. ഡോക്ടർ ജോർജ്ജ് മാത്യു: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ അടുത്ത നാളിൽ കൊടുങ്ങല്ലൂരിൽ പോലീസ് വെടിവെയ്പ് ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ:

ഉത്തരം

ഇക്കാര്യത്തെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവു നൽകി കഴിഞ്ഞിരിക്കുകയാണ്. അതിനാൽ വെടിവയ്പിന്റെ കാരണങ്ങൾ പ്രതിപാദിക്കുന്നത് ഉചിതമായിരിക്കുകയില്ല.

പോലീസ് ഡിപ്പാർട്ടുമെന്റിന്റെ വാഹനങ്ങൾ

126 [175] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർക്ക് സ്വകാര്യ ആവശ്യങ്ങൾക്കായി പോലീസ് ഡിപ്പാർട്ടുമെന്റിന്റെ വാഹനങ്ങൾ ഉപയോഗിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

---

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly